## ശ്രീ. കെ. രാജൻ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണക്കലിനുള്ള മുഖ്യമന്ത്രിയുടെ മറുപടി

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ): സർ, രാജ്യത്തിന്റെ സ്വാശ്രയത്വവും പരമാധികാരവും സംരക്ഷിക്കുന്നതിന് നിർണായകമായ സ്ഥാനമുള്ളവയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. കമ്പോളങ്ങളിൽ ഉൾപ്പെടെ ഇടപെടുന്നതിനും സേവനപ്രധാനമായ മേഖലകളിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നതിനും ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്. രാജ്യത്തിന്റെ ഖജനാവിനും നികുതിയിനത്തിനും ലാഭത്തിന്റെ അടിസ്ഥാനത്തിലും വലിയ തുക ഇത്തരം സ്ഥാപനങ്ങൾ നൽകുന്നുണ്ട്.

നമ്മുടെ അഭിമാനങ്ങളായ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുന്ന സമീപനം ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി ഉയർന്നുവന്നതുമാണ്. മുൻകാലത്ത് നഷ്ടത്തിന്റെ പേര് പറഞ്ഞ് അവയുടെ സേവനം കണക്കിലെടുക്കാതെ ഓഹരികൾ വിറ്റുതുലയ്ക്കുകയായിരുന്നു ചെയ്തത്. ഇപ്പോഴാവട്ടെ ലാഭത്തിൽ പ്രവർത്തിക്കുന്നവയും തന്ത്രപ്രധാനമായ മേഖലയിലുള്ളവയും യാതൊരു തത്വദീക്ഷയും ഇല്ലാതെ വിറ്റഴിക്കുന്ന സ്ഥിതിയും നിലനിൽക്കുകയാണ്.

രാജ്യത്തെ തകർക്കുന്ന ഈ നയത്തിന്റെ മകുടോദാഹരണമാണ് ലൈഫ് ഇൻഷ്വറൻസിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിലൂടെ കേന്ദ്ര സർക്കാർ ചെയ്തിരിക്കുന്നത്. ഇൻഷ്വറൻസ് മേഖല സ്വകാര്യ വിദേശ കമ്പനികൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള തീവ്രമായ പരിശ്രമങ്ങൾ നേരത്തേ രാജ്യത്ത് ഉയർന്നുവന്നിരുന്നു. ഇതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങളും ഈ മേഖലയിൽ വളർന്നുവന്നു. എന്നാൽ അതിനെയെല്ലാം തൃണവത്ഗണിച്ചുകൊണ്ടുള്ള നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്.

32 ലക്ഷം കോടി രൂപയുടെ ആസ്തിയുള്ള എൽ.ഐ.സി.-ക്ക് 29 ലക്ഷം കോടി രൂപയുടെ നിക്ഷേപമാണുള്ളത്. 2018-19 ൽ മാത്രം എൽ.ഐ.സി ലാഭവിഹിതമായി കേന്ദ്രസർക്കാരിന് നൽകിയത് 2400 കോടിയിലധികം രൂപയാണ്. ആറുപതിറ്റാണ്ടോളമായി ഇന്ത്യൻ സമ്പദ്വ്യവസ്ഥയ്ക്ക് ഊർജ്ജം പകർന്ന ഈ സ്ഥാപനം രാജ്യത്തിന്റെ വികസനത്തിന് നിസീമമായ പങ്കാണ് നിർവഹിച്ചിട്ടുള്ളത്. സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും രാഷ്ട്ര പുനർനിർമ്മാണത്തിനും എൽ.ഐ.സി. വഹിക്കുന്ന പങ്ക് നിഷേധിക്കാൻ കഴിയില്ല. അതുകൊണ്ട് തന്നെ ഇതിന്റെ ഓഹരി വിൽപ്പന നമ്മുടെ വികസന പ്രവർത്തനത്തെയും ബാധിക്കുമെന്ന് തിരിച്ചറിയേണ്ടതുണ്ട്.

രാജ്യത്തിലെ തന്ത്രപ്രധാനമായ എയർഇന്ത്യയുടെ മുഴുവൻ ഓഹരിയും വിറ്റുതുലയ്ക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. രാജ്യത്തെ രണ്ടാമത്തെ വലിയ പൊതുമേഖലാ എണ്ണക്കമ്പനിയായ ബി.പി.സി.എൽ. വിറ്റഴിക്കാൻ ശ്രമങ്ങൾ നടക്കുന്നു. ഓഹരി മാത്രമല്ല, ഇവയുടെ കോടിക്കണക്കിന് രൂപ വിലവരുന്ന ആസ്തികൾ ചുളുവിലക്ക് വിൽക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയാണ്.

കേന്ദ്ര സർക്കാർ തുടർന്നുവരുന്ന സ്വകാര്യവത്ക്കരണ നയത്തിനെതിരായ ബദൽ നയങ്ങൾ ഉയർത്തി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയാണ്. കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് തുടർനടപടികൾ സ്വീകരിക്കുകയാണ്. ഭെല്ലിന്റെ ഓഹരികൾ വിറ്റുതുലയ്ക്കാനുള്ള തീരുമാനത്തിനെതിരെ അവ ഏറ്റെടുത്തുകൊണ്ടുള്ള ഇടപെടലും സംസ്ഥാന സർക്കാർ നടത്തിയിരിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം ചെറുക്കുന്നതിന്റെ

ഭാഗമായി അവ ഏറ്റെടുക്കുന്നതിനുള്ള ഇടപെടലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുന്ന നയം രാജ്യത്തിന്റെ ഭാവിക്കും വികസനത്തിനും ഏറെ തടസ്സമായിത്തീരും. കോർപ്പറേറ്റുകൾക്ക് രാജ്യത്തിന്റെ വിവിധ മേഖലകൾ തുറന്നുകൊടുക്കുന്ന ആഗോളവൽക്കരണ നയങ്ങളുടെ ചുവടുപിടിച്ചുള്ള ഇത്തരം നയങ്ങൾ തിരുത്തിക്കുന്നതിനുള്ള ഇടപെടൽ വിവിധ തരത്തിൽ ഉയർന്നുവരേണ്ടതുണ്ട്.